DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

25-08-2020

**കാർഷികമേഖലാ വാർത്തകൾ**

# ഓണനാളുകളിൽ കൃഷിവകുപ്പിന്റെ

## " ഓണസമൃദ്ധി കാർഷിക വിപണി" ..സംസ്ഥാനതല ഉദ്ഘാടനം

കാർഷികവികസന കരഷകക്ഷേമവകുപ്പന്റെ ആഭിമുഖ്യത്തിൽ സഹകരണവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ 2000 പ്രാദേശിക വിപണികൾ സംസ്ഥാനത്തുടനീളം പ്രവർത്തനസജ്ജമാക്കുന്നു. തദ്ദേശീയമായി ഉത്പാദിപ്പിച്ചെടുത്ത ശീതകാല പഴം-പച്ചക്കറികൾ ഉൾപ്പെടെയുള്ള കർഷകരുടെ വിളകൾക്ക് മെച്ചപ്പെട്ട വില നൽകി സംഭരിച്ച് ആവശ്യക്കാർക്ക് "ഓണസമൃദ്ധി" എന്ന വിപണന ശൃംഖലയിലൂടെ വിതരണം ചെയ്യുന്നു. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനംഓഗസ്റ്റ് 26 ബുധനാഴ്ച്ച വൈകിട്ട് 4 മണിക്ക് കൃഷിവകുപ്പ് മന്ത്രി ശ്രീ വി.എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ കേരളമുഖ്യമന്ത്രി ശ്രീ. പിണറായയ വിജയൻ ഓൺലൈനായി നിർവ്വഹിക്കുന്നു.

## ഓണക്കാല പാൽഇൻഫർമേഷൻ സെന്റർ

ക്ഷീരവികസനവകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധവും മായം കലരാത്തതുമായ

പാലിനെക്കുറിച്ചും പാലിന്റെ ഗുണനിലവാരത്തെക്കുറിച്ചും മനസ്സിലാക്കിക്കൊടുക്കുന്നതിനും പാൽ പരിശോധിക്കുന്നതിനും വേണ്ടി ഒരു ഇൻഫർമേഷൻ സെന്റർ ഏർപ്പെടുത്താറുണ്ട്. ഇതനുസരിച്ച് ഈ മാസം 30 വരെ ഇൻഫർമേഷൻ സെന്റർ ക്ഷീരവികസനവകുപ്പിന്റെ പട്ടത്തുപ്രവർത്തിക്കുന്ന ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിൽ പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്ന പാൽ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പൊതുജനങ്ങൾ ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പട്ടത്തു പ്രവർത്തിക്കുന്ന ക്ഷീരവികസന വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസുമായി 0471-2440217 ബന്ധപ്പെടാവുന്നതാണെന്ന് ക്വാളിറ്റി കൺട്രോൾ ഓഫീസർ അറിയിച്ചു.

## തിരുവനതപുരം ജില്ലയിലെ മൃഗസംരക്ഷണവകുപ്പ് പദ്ധതികൾ

മൃഗസംരക്ഷണവകുപ്പിന്റെ 2020-21 പ്ലാൻ പദ്ധതിയുടെ ഭാഗമായി ആടുവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിലേക്ക് വാണിജ്യാടിസ്ഥാനത്തിലെ ആടുവളർത്തൽ പദ്ധതിപ്രകാരം (20 ആട് ) ഒരു ലക്ഷം രൂപയും ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പ്രകാരം (5 ആടുകൾ) 25,000 രൂപയും ധനസഹായം ലഭിക്കുന്നു, കൂടാതെ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ആടുവളർത്തൽ യൂണിറ്റ്, കോഴിവിതരണം,

കിടാരിവളർത്തൽ,തൊഴുത്ത് നിർമ്മാണം, താറാവ് വളർത്തൽ യൂണിറ്റ്, തീറ്റപ്പുൽ കൃഷി, മുതലായവക്ക് ഉള്ള ധനസഹായത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ പ്രാദേശിക മൃഗാശുപത്രികളിൽ ലഭ്യമാണ്. താല്പര്യമുള്ളവർ സെപ്റ്റംബർ 5- ന് മുൻപായി മൃഗാശുപത്രികളിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണെന്ന് തിരുവനതപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

## വിളപരിപാലന നിർദ്ദേശങ്ങൾ

അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ തളിക്കുക.